**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2108** **12-02-2024 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനത്തിനായുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആശ്രിത നിയമനത്തിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | 24.05.1999 ലെ G.O.(P) No. 12/99/P&ARD ഉത്തരവിലെ വ്യവസ്ഥകളുടെയും, തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് നിയമനം നൽകുന്നത്.<br><br>മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിൽ (മാതൃ വകുപ്പിൽ) നിലവിലുള്ളതോ/ തൊട്ടടുത്ത് ഉണ്ടാകുന്നതോ ആയ നിർദ്ദിഷ്ട തസ്തികകളിലെ ഒഴിവിലേക്ക് നിയമനം നൽകുവാനാണ് വ്യവസ്ഥയുള്ളത്. ഇപ്രകാരം നിയമനം നൽകാൻ കഴിയാത്തപക്ഷം പൊതുഭരണ(സി.ഇ.സെൽ) വകുപ്പിൽ എല്ലാ വകുപ്പ് മേധാവികളും ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന 5% ഒഴിവുകളിൽ നിയമനം നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഓരോ ജില്ലയിലും ഓരോ വകുപ്പിലും, ഓരോ തസ്തികയിലും പ്രതിവർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമേ ആശ്രിത നിയമനത്തിനായി നീക്കിവെക്കാവൂ എന്ന ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അപ്രകാരം മാത്രമേ ഒഴിവുകൾ നീക്കിവെക്കാവൂ എന്ന് എല്ലാ വകുപ്പുകൾക്കും നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | ആശ്രിത നിയമനത്തിനായുള്ള ഒഴിവുകൾ കേഡർ സ്ട്രെങ്ത്തിന് ആനുപാതികമായിട്ടാണോ ഒരു വർഷം ഉണ്ടാകുന്ന ഒഴിവിന് അനുപാതികമായിട്ടാണോ കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ; ഒഴിവുകളുടെ എത്ര ശതമാനമാണ് ആശ്രിത നിയമനത്തിനായി നീക്കി വെക്കുന്നത് എന്നും വ്യക്തമാക്കാമോ; | (ബി) | 24.05.1999 ലെ G.O.(P) No. 12/99/P&ARD ഉത്തരവിലെ വ്യവസ്ഥകളുടെയും, തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് നിയമനം നൽകുന്നത്.<br><br>മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിൽ (മാതൃ വകുപ്പിൽ) നിലവിലുള്ളതോ/ തൊട്ടടുത്ത് ഉണ്ടാകുന്നതോ ആയ നിർദ്ദിഷ്ട തസ്തികകളിലെ ഒഴിവിലേക്ക് നിയമനം നൽകുവാനാണ് വ്യവസ്ഥയുള്ളത്. ഇപ്രകാരം നിയമനം നൽകാൻ |

| | | | |
|---|---|---|---|
| | | | കഴിയാത്തപക്ഷം പൊതുഭരണ(സി.ഇ.സെൽ) വകുപ്പിൽ എല്ലാ വകുപ്പ് മേധാവികളും ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന 5% ഒഴിവുകളിൽ നിയമനം നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഓരോ ജില്ലയിലും ഓരോ വകുപ്പിലും, ഓരോ തസ്തികയിലും പ്രതിവർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമേ ആശ്രിത നിയമനത്തിനായി നീക്കിവെക്കാവൂ എന്ന ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അപ്രകാരം മാത്രമേ ഒഴിവുകൾ നീക്കിവെക്കാവൂ എന്ന് എല്ലാ വകുപ്പുകൾക്കും നിർദേശം നൽകിയിട്ടുണ്ട്. |
| (സി) | അപേക്ഷകന്റെ വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കി നിയമനം ലഭിക്കുന്നതിനുള്ള ചട്ടം നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (സി) | വിദ്യാഭ്യാസ യോഗ്യതക്കനുസരിച്ച് ജോലി നൽകുന്നതിന് വ്യവസ്ഥയില്ല. |
| (ഡി) | അപേക്ഷ ലഭിക്കുന്ന തീയതി അടിസ്ഥാനപ്പെടുത്തിയാണോ മുൻഗണനാ പട്ടിക തയ്യാറാക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) | അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളെല്ലാം സമർപ്പിക്കുന്ന പക്ഷം അത് Valid Application ആയി പരിഗണിക്കും. ഇത് സമർപ്പിക്കുന്ന തീയതി അടിസ്ഥാനപ്പെടുത്തിയാണ് മുൻഗണനാ പട്ടിക തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ